## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 245 — 5.3.2012-ൽ മറുപടിക്ക്.

## കണ്ണൂർ വിമാനത്താവളത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർക്കാർ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം? | (എ) | കണ്ണൂർ വിമാനത്താവളത്തിന്റെ ഭൂമി ഏറ്റെടുക്കലും ഏകോപന ചുമതലകളും നിർവ്വഹിക്കുന്നത് നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത് കിൻഫ്രയെയാണ്. കണ്ണൂർ വിമാനത്താവളത്തിനു വേണ്ടി 1277.78 ഏക്കർ ഭൂമി ഇതിനോടകം ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ട്. മൂന്നാം ഘട്ടമായി ഏറ്റെടുക്കാനുള്ള 783 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികയാണ്. അതിൽ 656 ഏക്കർ ഭൂമിയെ സംബന്ധിച്ചിടത്തോളം കണ്ണൂർ ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല വില നിർണ്ണയ സമിതി വില നിശ്ചയം നടത്തി SLEC യുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി മൂന്ന് സ്പെഷ്യൽ തഹസീൽദാർമാരുടെ കീഴിൽ 3 ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ മട്ടന്നൂർ കേന്ദ്രമാക്കി |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നുണ്ട്. കാലതാമസം ഒഴിവാക്കാനായി "ഫാസ്റ്റ് ട്രാക്ക്" പദ്ധതിയിലുൾപ്പെടുത്തിയാണ് ലാന്റ് അക്വിസിഷൻ ജോലികൾ നടത്തിവരുന്നത്. ലാൻഡ് അക്വിസിഷൻ നടപടികളുടേയും എയർപോർട്ട് നിർമ്മാണത്തിന്റെയും പ്രവർത്തന പുരോഗതി സ്ഥിരമായി അവലോകനം ചെയ്ത് വരുന്നു. |
| (ബി) | ഏറ്റെടുക്കുന്ന ഭൂമിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നവരുടെ പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് പരിഹാരനടപടികൾ എന്തെല്ലാം; | (ബി) | പുനരധിവാസ പാക്കേജ് പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന വീട്ടുകാർക്ക് 10 സെന്റ് ഭൂമി സൗജന്യമായി പതിച്ചു നൽകുന്നതും, അവരുടെ പുനരധിവാസം സമീപപ്രദേശത്തു തന്നെ ഉറപ്പുവരുത്തുന്നതും , അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, വെള്ളം എന്നിവ എത്തിക്കുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുന്നതുമാണ്. കൂടാതെ കെട്ടിടങ്ങൾ പൊളിച്ച് ഉപയോഗയോഗ്യമായ സാധനങ്ങൾ വില ഈടാക്കാതെ തന്നെ കൊണ്ടു പോകാൻ അനുവദിക്കുന്നതാണ്. ഏറ്റെടുക്കുന്ന ഭൂമിയിലെ വീട്, കിണർ മുതലായ ചമയങ്ങൾക്ക് നിലവിലുള്ള PWD റേറ്റു പ്രകാരം വില നിശ്ചയിച്ച് മൂല്യം 50% വർദ്ധിപ്പിച്ച് നൽകുന്നതാണ്. പുനരധിവാസ പാക്കേജിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങളെല്ലാം സുഗമമായി നടന്നുവരികയാണ്. |
| (സി) | വിമാനത്താവളക്കമ്പനിയുടെ കുറഞ്ഞ ഷെയർ വില സംബന്ധിച്ച തീരുമാനം നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ? | (സി) | കണ്ണൂർ വിമാനത്താവള കമ്പനിയുടെ 2011 ഡിസംബർ 7-ാം തീയതി കൂടിയ ഡയറക്ടർ ബോർഡ് യോഗം, കമ്പനിയുടെ ഓഹരി മൂലധനത്തിൽ ഒരു വ്യക്തി മുടക്കേണ്ട കുറഞ്ഞ നിക്ഷേപം |

| | | | |
|---|---|---|---|
| | | | 50,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഷെയറിനു വേണ്ടിയുള്ള അഭ്യർത്ഥനകൾ വ്യക്തികളിൽ നിന്നും കിട്ടുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ